# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1097 06.02.2020 ൽ മറുപടിക്ക്**

## റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച ഹൈക്കോടതി വിമർശനം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽ കാണിയ്ക്കുന്ന അലംഭാവം സംബന്ധിച്ച ഹൈക്കോടതി വിമർശനങ്ങളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | 31-12-2019 ന് മുമ്പ് റോഡുകൾ ഗതാഗത യോഗ്യമാക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകൾ എല്ലാം തന്നെ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിരുന്നു. 31-12-2019 ന് മുൻപ് 97% റോഡുകളും കുഴികളടച്ച് ഗതാഗത യോഗ്യമാക്കിയിരുന്നു. ബജറ്റ് പ്രവൃത്തികൾ, കിഫ്ബി, നബാർഡ് പ്രവൃത്തികൾ എന്നിവ നടക്കുന്ന മേഖലകളിലും, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ്, മൊബൈൽ കമ്പനികൾ എന്നിവ വെട്ടിപ്പൊളിച്ച ഭാഗങ്ങളിലുമാണ് ഇനിയും പ്രവൃത്തി പൂർത്തിയാക്കാനുള്ളത്. ഇത്തരം തടസ്സങ്ങൾ കാരണമാണ് കഴിഞ്ഞ 31 നകം മുഴുവൻ അറ്റകുറ്റപ്പണികളും പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്. അറ്റകുറ്റപ്പണികൾ എല്ലാം അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) വി.ഐ.പി. സന്ദർശന വേളകളിൽ മാത്രം റോഡുകൾ നന്നാക്കുന്നതിന് കാണിക്കുന്ന വ്യഗ്രത സാധാരണ പൗരന്മാരുടെ കാര്യത്തിൽ കാണിക്കാത്തത് സംബന്ധിച്ച് ഹൈക്കോടതി വിമർശിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഹൈക്കോടതിയുടെ പ്രസ്തുത നിരീക്ഷണം ശരിയാണെന്ന് വിലയിരുത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം നിരീക്ഷണത്തിലേക്ക് കോടതിയെ നയിച്ച സാഹചര്യം പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (ഡി) | നികുതിദായകരായ എല്ലാ പൗരന്മാർക്കും തുല്യപരിഗണന ലഭിക്കുന്ന തരത്തിൽ പ്രസ്തുത വിഷയത്തിലുണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | എല്ലാ പൗരൻമാർക്കും തുല്യപരിഗണന ലഭിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നത്. |

Hemalatha

**സെക്ഷൻ ഓഫീസർ**